"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത കരിങ്കല്ല് ഖനനത്തിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. സുദർശനൻ സി.കെ, മാനേജിംഗ് പാർട്ട്ണർ, ശക്തി കൺസ്ട്രക്ഷൻ, കുന്നോത്ത്പറമ്പ്, കണ്ണൂർ സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.754/2025/ID തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 03.03.2025-ലെ കണ്ണൂർ ജില്ലാ ജിയോളജിസ്റ്റിന്റെ DOKAN-DMG/317/2025-M നമ്പർ നോട്ടീസ്.
3. 04.03.2025-ലെ ശ്രീ.സുദർശൻ.സി.കെ., മാനേജിങ് പാർട്ട്ണർ, മെ. ശക്തി കൺസ്ട്രക്ഷൻസ്, കൊളവല്ലൂർ, കുന്നോത്ത് പറമ്പ് പി.ഒ സമർപ്പിച്ച അപേക്ഷ.
4. 22.05.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1023/2025-M3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീമതി. അനിത എം, മത്തത്ത് ഹൗസ്, തൃപ്പങ്ങോട്ടൂർ ഹൗസ്, പൊയിലൂർ പി.ഒ, തലശ്ശേരി എന്നവ്യക്തിയുടെ ഭർത്താവ് ശ്രീ. ചന്ദ്രന്റെ പേരിൽ അനധികൃത കരിങ്കല്ല് ഖനനത്തിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ശ്രീ. ചന്ദ്രൻ മരണപ്പെട്ടതിനാൽ അടയ്ക്കുവാൻ സാധിച്ചിരുന്നില്ലെന്നും, താൻ ഈ സ്ഥലം ലീസിന് വാങ്ങിക്കുകയും പിഴയായി ഒടുക്കുവാനുള്ള 56,46,801.6/- രൂപാ ഒടുക്കുവാൻ തയ്യാറാണെന്നും, എന്നാൽ തുക ഒറ്റ തവണയായി ഒടുക്കുവാൻ സാധിക്കാത്തതിനാൽ പരമാവധി ഗഡുക്കളായി ഒടുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ശ്രീ. സുദർശനൻ സി.കെ പരാമർശം(3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2). ഈ വിഷയത്തിൽ മൈനിംഗ് & ജിയോളജി ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ വില്ലേജിൽ റീ.സ.നം. 275/1എ-ൽപ്പെട്ടതും ശ്രീ. മത്തത്ത് ചന്ദ്രൻ എന്നവ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് അനധികൃത കരിങ്കല്ല് ഖനനം നടത്തുന്നത് സംബന്ധിച്ച് 21/12/2016 ലെ കണ്ണൂർ ജില്ലാ കലക്ടർ കത്ത് മുഖാന്തിരം ജില്ലാ ഓഫീസിനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 06/03/2017, 28/03/2017 തീയതികളിൽ ജില്ലാ ഓഫീസ് അധികാരികളും, തൃപ്പങ്ങോട്ടൂർ വില്ലേജ് ഓഫീസ് അധികാരികളും സംയുക്തമായി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിന്നും 16,410 ഘന മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി ബോധ്യപ്പെടുകയും, സ്ഥലമുടമയായ ശ്രീ. മത്തത്ത് ചന്ദ്രൻ എന്നവർക്കെതിരെ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതും, സർക്കാരിലേക്കുള്ള തുക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറിക്ക് വേണ്ടി റിക്വിസിഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ ജില്ലാ ഓഫീസിൽ നിന്നും സ്വീകരിച്ചിരുന്നതുമാണ്. സ്ഥലമുടമായ ശ്രീ. മത്തത്ത് ചന്ദ്രൻ മരണപ്പെട്ടതിനാൽ റവന്യൂ റിക്കവറി ഉത്തരവ് ബന്ധപ്പെട്ട അധികാരികൾ മടക്കി അയച്ചിട്ടുള്ളതുമാണ്.

അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയ പ്രസ്തുത സ്ഥലം കൂടി ഉൾപ്പെടുത്തി ശ്രീ.സുദർശൻ.സി.കെ., മാനേജിങ് പാർട്ട്ണർ, മെ. ശക്തി കൺസ്ട്രക്ഷൻസ്, കൊളവല്ലൂർ, കുന്നോത്ത് പറമ്പ്

പി.ഒ. എന്ന വ്യക്തി കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 199, റീ
സർവ്വേ നമ്പർ 275/1എ യിൽപ്പെട്ട 3.5865 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനുള്ള
ക്വാറിയിങ് ലീസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ
പ്രസ്തുത സ്ഥലത്ത് മുൻകാലങ്ങളിൽ കരിങ്കല്ല് ഖനനം ചെയ്ത കുഴി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ
സെക്ഷനും പ്ലാനും ഹാജരാക്കാൻ അപേക്ഷകന് നിർദ്ദേശം നൽകുകയിരുന്നു. ഹാജരാക്കിയ സെക്ഷനും പ്ലാനും
പരിശോധിച്ചതിൽ 78427.80 മെട്രിക്ക് ടൺ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തുകയും
അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയ 78427.80 മെട്രിക്ക് ടൺ കരിങ്കല്ലിന്റെ
റോയൽറ്റിയായ (മെട്രിക് ടണ്ണിന് 24/- രൂപ നിരക്കിൽ) 18,82,267.2/- രൂപയും വിലയായി 37,64,534.4/- രൂപയും
ഉൾപ്പെടെ 56,46,801.6/- രൂപയും കോമ്പൗണ്ടിങ് ഫീസും സർക്കാരിലേക്ക് ഈടാക്കുന്നതിനായി ടിയാന് ജില്ലാ
ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നല്കിയിരുന്നു. നേരത്തേ റവന്യൂ റിക്കവറിക്കായി നടപടി ആരംഭിച്ച സ്ഥലം
ഉൾപ്പെടെയാണ് നിലവിൽ ശ്രീ. സുദർശൻ സി.കെ ക്വാറിയിങ് ലീസിന് അപേക്ഷിച്ചിട്ടുള്ളത്. ആയതിനാൽ മേൽ
തുക ഈടാക്കുകയാണെങ്കിൽ മേൽ സ്ഥലത്ത് സർക്കാരിലേക്ക് ഉള്ള കുടിശ്ശികയെല്ലാം തീർക്കാനാകും.

2023 ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം 6
തുല്യമാസഗഡുക്കൾ വരെ സർക്കാരിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ
തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ഗഡുക്കൾ അനുവദിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ്
ഡയറക്ടർ പരാമർശം(4) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ
ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സുദർശനൻ സി.കെ, മാനേജിംഗ് പാർട്ട്ണർ, ശക്തി കൺസ്ട്രക്ഷൻ,
കുന്നോത്ത്പറമ്പ്, കണ്ണൂർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ
വില്ലേജിൽ ബ്ലോക്ക് നമ്പർ 199, റീ സർവ്വേ നമ്പർ 275/1എ യിൽപ്പെട്ട 3.5865 ഹെക്ടർ സ്ഥലത്ത് നിന്നും
അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 78427.80 മെട്രിക് ടൺ കരിങ്കല്ലിന്റെ റോയൽറ്റി, വില ഇനത്തിൽ കണ്ണൂർ
ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുകയായ 56,46,801.6/- രൂപ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം
115 പ്രകാരം തുടർച്ചയായി ആറ് തുല്യ മാസഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിന് ഏതെങ്കിലും
തരത്തിൽ വീഴ്ചവരുത്തിയാൽ പിന്നീട് ഗഡുക്കളായി അടക്കുന്നതിന് ലഭ്യമാക്കുന്ന അവസരം നഷ്ടപ്പെടുമെന്ന
വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ

ശ്രീ.സുദർശൻ.സി.കെ., മാനേജിങ് പാർട്ട്ണർ, മെ. ശക്തി കൺസ്ട്രക്ഷൻസ്, കൊളവല്ലൂർ, കുന്നോത്ത് പറമ്പ്
പി.ഒ, കണ്ണൂർ-670 693

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Divya Y V
Date: 25-06-2025 12:37:29

സെക്ഷൻ ഓഫീസർ